ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ&ബി) കേരളത്തിൽ ഗുരുതര സ്വഭാവമുള്ള മാനസികരോഗംമൂലം മാനസിക വൈകല്യം സംഭവിച്ചിട്ടുള്ളവർക്ക് പെൻഷൻ നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

സാംക്രമിക രോഗങ്ങൾ തടയുന്നതിന് നടപടി

13(*298) ശ്രീ. എൻ. കണ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടികൾ എത്രമാത്രം വിജയകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കുഷ്ഠരോഗം, ക്ഷയം, മന്ത്, മലമ്പനി എന്നീ രോഗങ്ങളുടെ വ്യാപന നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് 1999-2000 വർഷത്തിൽ സാംക്രമിക രോഗങ്ങൾ പിടിപെട്ടവരുടെയും മരണമടഞ്ഞവരുടേയും വിശദാംശം വെളിപ്പടുത്തുമോ ;

(ഇ) സംസ്ഥാനത്ത് സാംക്രമികരോഗങ്ങൾ തടയുന്നതിനുള്ള നടപടികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) എങ്കിൽ ഇതിനായി പുതിയ ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി) കുഷ്ഠരോഗ നിർമ്മാർജനത്തിന്റെ ഭാഗമായി 1998 മേയ് 25 മുതൽ 30 വരെ സംസ്ഥാനത്ത് മോഡിഫൈഡ് ലപ്രസി എലിമിനേഷൻ കാമ്പെയിൻ നടത്തുകയുണ്ടായി. പ്രസ്തുത കാമ്പെയിൻ പ്രകാരം സംസ്ഥാനത്തെ എല്ലാ വീടുകളും വാർഡ്തലങ്ങളിലുള്ള വോളണ്ടിയേഴ്സിന്റെ സഹായത്താൽ ആരോഗ്യപ്രവർത്തകർ സന്ദർശിച്ചു. വിദഗ്ദ്ധഡോക്ടർമാരുടെ പരിശോധനയിൽ 1913 പേർ പുതുതായി കുഷ്ഠരോഗബാധിതരാണെന്ന് കണ്ടെത്തുകയും അവരെ ചികിത്സയ്ക്ക് വിധേയരാക്കി കുഷ്ഠരോഗത്തിൽനിന്നും മോചനം വരുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. കൂടാതെ 2000 മാർച്ച് 23, 24 തീയതികളിൽ മോഡിഫൈഡ് എലിമിനേഷൻ കാമ്പയിൻ 2 നടത്തുകയുണ്ടായി. ഇതിൽ 317 പേരെ കണ്ടെത്തി ചികിൽസിക്കുകയും രോഗനിർണ്ണയ ചികിൽസയ്ക്കൊപ്പം വിലയിരുത്തലും നടത്തിവരുന്നു. സംസ്ഥാനത്ത് പ്രധാനമായുണ്ടാകുന്ന സാംക്രമികരോഗങ്ങൾ ഛർദ്ദി, വയറിളക്കം, ടൈഫോയിഡ്, എലിപ്പനി, ജപ്പാൻജ്വരം എന്നിവയാണ്. എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ സത്വര നടപടികൾ എടുക്കുവാൻ മെഡിക്കൽ സംഘത്തെ നിയമിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ദേശീയപരിപാടിയുടെ ഭാഗമായി (എൻ.എസ്.പി.സി.ഡി.) ഇതുപോലെ ഒരുസംഘം പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫക്ഷ്യസ് ഡിസീസിൽ രോഗനിർണ്ണയത്തിനുള്ള ടെസ്റ്റുകൾ നടത്തുവാൻ സൗകര്യമുണ്ടാക്കുകയും മലിനജലം പരിശോധിക്കുവാനുള്ള ഉപകരണങ്ങൾ ഘട്ടം ഘട്ടമായി നൽകിവരുകയും ചെയ്യുന്നു. ബോധവൽക്കരണ ക്ലാസുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുക വഴി പൊതുജനങ്ങളുടെ ശുചിത്വപരിപാലനം മെച്ചപ്പെടുത്തി. ഇതുമൂലം സാംക്രമികരോഗങ്ങൾ തടയുന്നതിൽ ഏറെ ശുഷ്ക്കാന്തി ഉണ്ടായിട്ടുണ്ട്.

(സി) ഉണ്ട്. കുഷ്ഠരോഗത്തിന്റെ വ്യാപന നിരക്ക് ഗണ്യമായ രീതിയിൽ കുറച്ചുകൊണ്ടുവരുവാൻ ആരോഗ്യവകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

പട്ടിക

1995-96	11299
96-97	6483
97-98	4576
98-99	4190
99-2000	3894
2000 -2001	3445

മലമ്പനി, മന്ത് എന്നിവയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ഉണ്ട്.

(എഫ്) പുതുക്കിയ ദേശീയ ക്ഷയരോഗനിയന്ത്രണപദ്ധതി കേരളത്തിൽ എല്ലാ ജില്ലകളിലും (ആർ.എൽ.ടി.സി.പി.) നടപ്പിലാക്കിവരുന്നു. ആദിവാസി കേന്ദ്രങ്ങളിൽ സമഗ്രമായ ആരോഗ്യ പരിപാടി നടപ്പിലാക്കുന്നതിലൂടെ ആ

---

†അനുബന്ധം II A&B

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്തെ സാംക്രമിക രോഗങ്ങൾ തടയുന്നതിന് ആവശ്യമായ പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുഷ്ഠം: — ജർമൻ ലപ്രസി റിലീസ് അസോസിയേഷൻ (ജി.എൽ.ആർ.എ.) വഴി സംസ്ഥാനത്തെ സർക്കാർ ഇതര സാമൂഹ്യ സംഘടനകളുടെ പ്രവർത്തന ശൈലി മെച്ചപ്പെടുത്തുകയും "റീ കൺസ്ട്രക്റ്റീവ് സർജറി ആവശ്യമായ കുഷ്ഠരോഗികളിൽ ഈ ഓപ്പറേഷൻ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക, കുഷ്ഠരോഗികൾക്കായി പ്രത്യേകപാദരക്ഷകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

പാൽ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം

14(*299) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാൽ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് വേണ്ടി ഏതൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് കറവയന്ത്രം വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) കുളമ്പുരോഗത്തിനെതിരായ വാക്സിൻ പ്രതിരോധശേഷി ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) മിൽമ സംഭരിക്കുന്ന പാലിന്റെ ഭൂരിഭാഗവും പാലായിത്തന്നെയാണ് വിൽക്കുന്നത്. എന്നാൽ മറ്റ് പാലുല്പന്നങ്ങളായ നെയ്യ്, വെണ്ണ, പാൽപ്പൊടി, ഐസ്ക്രീം, പേഡ, ഫളേവേഡ് മിൽക്ക്, തൈര്, സംഭാരം തുടങ്ങിയവയെല്ലാം മിൽമ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. കൂടാതെ ക്ഷീരവികസനവകുപ്പും താഴെപ്പറയുന്ന പരിപാടികൾ നടപ്പാക്കിവരുന്നു. ക്ഷീരപരിശീലന കേന്ദ്രങ്ങളിൽ പാൽ ഉൽപ്പന്നപരിശീലനപരിപാടി നടത്തുക, ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് റിഫ്രഷർ ട്രെയിനിംഗ് പരിപാടി സംഘടിപ്പിക്കുക, സംസ്ഥാനത്ത് സ്ഥാപിതമായ മിൽക്ക്പ്രോഡക്ട് യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

(ബി) ഉണ്ട്. മൊബൈൽ കറവയന്ത്രം നിർമ്മിക്കുന്ന കമ്പനിയുമായി ബന്ധപ്പെട്ട് കറവയന്ത്രം രൂപാന്തരപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ 10 പ്രാഥമിക സംഘങ്ങളിൽ പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. ഇതിൽ കാണുന്ന ന്യൂനതകൾ പരിഹരിച്ച് വ്യാപകമാക്കുവാൻ വേണ്ട നടപടികളെടുത്തുവരുന്നു. കമ്മേഴ്സ്യൽ ഡയറികളിൽ കറവയന്ത്രം ഒരു ഘടകമാക്കി ആവശ്യമായ ധനസഹായവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - II (a)

[8-03-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13 (*298) ദയവായി കാണുക]

വിഷയം : കേരള നിയമസഭാചോദ്യം ഉത്തരം നല്കുന്നതിലേയ്ക്കുവേണ്ടി.

മലമ്പനി രോഗികളുടെ എണ്ണത്തെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ

കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി മലമ്പനി രോഗികളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞിരിക്കുകയാണ് എന്ന് താഴെ വിവരിക്കുന്ന സ്ഥിരവിവരക്കണക്കുകളിൽ നിന്നും വിവരം മനസ്സിലാക്കാവുന്നതാണ്.

വർഷം	മലമ്പനിരോഗികളുടെ എണ്ണം	P.F. Cases
1995	11878	553
1996	11653	657
1997	8346	659
1998	7439	1060
1999	5141	568
2000	2902	369

Year	No. of person Blood screeded	+ve for MF	Disease Cases	MF Rate%	Disease Rate %	Endemi-city Rate
1995	96761	804	969	0.83	1.0	1.83
1996	95155	965	1208	1.014	1.26	2.27
1997	124415	1066	1597	0.87	1.33	2.21
1998	111990	1371	1548	1.23	1.39	2.62
1999	128486	1078	1110	0.84	0.86	1.70
2000*	101353	622	1052	0.61	1.04	1.65

(* Provisional)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - II (b)

[8-03-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13 (*298) ദയവായി കാണുക]

കേരളത്തിൽ 1999-2000 വർഷത്തിൽ സാംക്രമിക രോഗങ്ങൾ പിടിപ്പെട്ടവരുടേയും മരണപ്പെട്ടവരുടേയും കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

നമ്പർ	രോഗങ്ങൾ	രോഗബാധിതരുടെ എണ്ണം	മരണം
(1)	(2)	(3)	(4)
1.	അക്യൂട്ട് ഡയറിയൽ ഡിസീസ്	609936	25
2.	ഡിഫ്തീരിയ	8	—
3.	അക്യൂട്ട് പോളിയോ മൈലെറ്റിസ്	4	—
4.	ടെറ്റനസ്സ്	18	4
5.	നിയോനറ്റൽ ടെറ്റനസ്	2	—
6.	വൂപ്പിംഗ് കഫ്	636	—
7.	മീസിൽസ്	6433	2
8.	ചിക്കൻ പോക്സ്	10815	11
9.	അക്യൂട്ട് റെസ്പിറേറ്ററി ഇൻഫക്ഷൻ	5594351	1024
10.	ന്യൂമോണിയ	23550	79
11.	ടൈഫോയിഡ്	15494	5
12.	ഡൻകു ഫീവർ	1	—
13.	വൈറൽ ഹെപ്പിറ്റൈറ്റിസ്-എ	7309	5
14.	വൈറൽ ഹെപ്പിറ്റൈറ്റിസ്-ബി	1522	7
15.	വീൽസ് ഡിസീസ്	912	66
16.	ജാപ്പാനീസ് എൻസിഫലിറ്റിസ്	29	1
17.	മെനിഞ്ചോകോക്കൽ മെനിഞ്ചറ്റിസ്	244	10

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
18.	റാബീസ്	235	17
19.	സിഫിലിസ്	180	—
20.	ഗൊണോകോക്കൽ ഇൻഫക്ഷൻ	531	—
21.	പർമിനറി ടൂബർകുലോസിസ് (ടി.ബി)	36549	226

അനുബന്ധം - III

[8-03-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5 (1710) ദയവായി കാണുക]

മുഖ്യമന്ത്രിയുടെ പേരിലുള്ള പുസ്തകങ്ങൾ

നമ്പർ	പുസ്തകത്തിന്റെ പേര്	അച്ചടിച്ച പ്രസ്സിന്റെ പേര്	കോപ്പികളുടെ എണ്ണം
(1)	(2)	(3)	(4)
1.	കേരളത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം	സർക്കാർ പ്രസ്സ് മണ്ണന്തല	30,000
2.	കാലഘട്ടത്തിന്റെ ശബ്ദം	"	30,000
3.	വികേന്ദ്രീകരണം: മാദ്ധ്യമനയത്തിനും പ്രതിഫലിക്കണം	"	15,000
4.	ഗൾഫ് യൂറോ ഡയറി	"	30,000
5.	വ്യക്തി സമൂഹം വികസനം	"	10,000
6.	പുരോഗതിയുടെ പാദമുദ്രകൾ	"	10,000
7.	ഒൻപതാം പദ്ധതി കേരളത്തിന്റെ സമീപനം	"	15,000

LIBRARY ARCHIVES Kerala Legislative Assembly